# മലങ്കര മാർത്തോമ്മാ സിറിയൻ ചർച്ച്

## ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രഡ് മ്യൂസിക് & കമ്മ്യൂണിക്കേഷൻസ്

## ദിവ്യസംഗീത ഞായർ 2026 മെയ് 24

**പ്രാരംഭഗീതം** (ക്രി.കീ. 22 - സർവ്വ മാനുഷരേ....)

**കൗമ്മാ**

### പ്രാരംഭ പ്രാർത്ഥന

ഇല്ലായ്മയിൽ നിന്നും സകലത്തേയും ഉണ്മയിലേക്ക് നയിക്കുകയും സകലത്തിനും ക്രമവും സ്ഥാനവും താളവും നൽകുകയും ചെയ്ത പിതാവാം ദൈവമേ, അവിടുത്തെ മെനച്ചിലും കൈവേലയും ആയ ഞങ്ങൾ തിരുസന്നിധിയിൽ അടുത്ത് വന്ന് അവിടുത്തെ മഹത്വമേറിയ നാമത്തെ സ്തുതിക്കുകയും നിന്റെ പരിശുദ്ധിയുടെ സന്നിധിയിൽ സകല സൃഷ്ടിയോടും ചേർന്ന് അങ്ങയെ ആരാധിക്കുകയും ചെയ്യുന്നു. ഞങ്ങളോട് കരുണ തോന്നേണമേ...

പാപം മൂലം ദൈവത്തിൽ നിന്ന് അകന്നുപോയ സകല സൃഷ്ടിയേയും യഥാസ്ഥാനപ്പെടുത്തുവാൻ കാൽവരി ക്രൂശിൽ തന്റെ പിതാവിന്റെ ഹിതപ്രകാരം യാഗമായി തീർന്ന പുത്രനാം ക്രിസ്തുവേ, അളവും പരിധിയും ഇല്ലാത്ത അവിടുത്തെ നിത്യ സ്നേഹത്തെ പ്രതി ഞങ്ങളെ പൂർണ്ണമായും തിരുസന്നിധിയിൽ വിനയപ്പെടുത്തുന്നു. ഞങ്ങളോട് മനസ്സലിയേണമേ...

സകല സത്യത്തിലേക്കും നീതിയിലേക്കും ഞങ്ങളെ നയിക്കുകയും പാപബോധം വരുത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവേ അവിടുത്തെ നിരന്തര സാനിദ്ധ്യത്തിനായി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. അനുരഞ്ജനത്തിന്റെയും ആത്മീയ ഐക്യത്തിന്റെയും അനുഭവം നൽകി സമാധാനമാർഗത്തിൽ ചരിക്കുവാൻ ഞങ്ങളെ പ്രചോദിപ്പിക്കുന്ന ദിവ്യ വ്യാപാരത്തിനായി ഞങ്ങൾ അങ്ങയെ പുകഴ്ത്തുന്നു.. പിതൃപുത്ര പരിശുദ്ധാത്മാവാം ത്രിയേക ദൈവമേ... ഞങ്ങളുടെ ആരാധനയും സ്തുതി സ്തോത്രങ്ങളും സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കേണമേ... ആമേൻ....

## അനുതാപ പ്രാർത്ഥന

'ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സു; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല.' (സങ്കീ : 51:17)

ഓരോ അനുതാപ പ്രാത്ഥനകൾക്കും ശേഷം മൗനമായി നമ്മുടെ കുറവുകളെ ഏറ്റുപറയാം...

ഏറ്റവും അവസാനം നൽകിയിരിക്കുന്ന ഗാനത്തിന്റെ ഈരടികൾ അനുതാപത്തിന്റെ സൂചനയായി ഏറ്റു പാടാം.

1. ആരാധനയിലൂടെയും ഗാനശുശ്രൂഷയിലൂടെയും ദൈവത്തെ മഹത്വപ്പെടുത്തുവാൻ നിയോഗം ലഭിച്ച ഞങ്ങൾ സ്വന്തം കഴിവിൽ മതിമറന്നു പോയതും വിശ്വാസ സമൂഹത്തെ ആരാധനയുടെ നിറവിലേക്ക് നയിക്കാൻ കഴിയാതെ പോയതും ഞങ്ങളോട് ക്ഷമിക്കേണമേ....

   *(മൗനമായി അനുതപിക്കാം...)*

2. ആത്മാവിന്റെ ഐക്യത്തിലും, ഏക മനസ്സോടും നിർവഹിക്കേണ്ട സംഗീത ശുശ്രൂഷയിൽ അഭിപ്രായ ഭിന്നതകളോടും വൈരാഗ്യ മനസ്സോടും പങ്കുചേർന്ന ഞങ്ങളുടെ കുറവുകളെ ഞങ്ങളോട് ക്ഷമിക്കേണമേ....

   *(മൗനമായി അനുതപിക്കാം...)*

3. മൊബൈൽ ഫോണിന്റെയും സമൂഹമാധ്യമങ്ങളുടെയും അമിത ഉപയോഗവും ദുരുപയോഗവും മൂലം ഞങ്ങൾക്കും ഞങ്ങളുടെ സഹോദരങ്ങൾക്കും സൃഷ്ടിച്ച മുറിവുകളും നൊമ്പരങ്ങളും ഞങ്ങളോട് ക്ഷമിക്കേണമേ...

   *(മൗനമായി അനുതപിക്കാം...)*

   (അനുതാപ സൂചകമായി ഗാനം പാടാം..)

തള്ളുക നിന്റെ പാപമെല്ലാം
കള്ളമേതും നിനക്കേണ്ട
നിന്നുള്ളിൽ നീ

ഉള്ളം നീ മുഴുവൻ തുറന്നു
തള്ളയാമേശുവിൻ
കൈയിലേൽപ്പിക്ക നീ...

## സ്തോത്ര പ്രാർത്ഥന

'അതുകൊണ്ടു അവൻ മുഖാന്തരം നാം ദൈവത്തിന്നു അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക' (എബ്രാ. 13:15).

സ്തോത്രത്തിന്റെ സൂചകമായി ക്രി. കീ. 110-ാം ഗീതത്തിന്റെ 1, 2, 4 ചരണങ്ങൾ ചേർന്നു പാടാം..

(ഒന്നുമില്ലായ്കയിൽ നിന്നെന്നെ..)

## അപേക്ഷകൾ

'നിങ്ങൾ എന്നോടു അപേക്ഷിച്ചു എന്റെ സന്നിധിയിൽവന്നു പ്രാർത്ഥിക്കയും ഞാൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കയും ചെയ്യും. നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും' (യിരമ്യാവ്. 29:12,13).

ഓരോ പ്രാത്ഥനകൾക്കും പ്രതിവാക്യമായി ഞങ്ങളുടെ അപേക്ഷ കേൾക്കണമേ എന്ന് പ്രാർത്ഥിക്കാം...

1. ദൈവമേ തിരുസഭക്കായും, തിരുസഭയുടെ ശുശ്രൂഷകൾക്കായും ഞങ്ങൾ അപേക്ഷിക്കുന്നു...

   *പ്രതി: ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ..*

2. സംഗീത ശുശ്രൂഷക്കായി വിളിക്കപ്പെട്ടിരിക്കുന്ന ഗായക സംഘങ്ങൾ, ഗായകസംഘാംഗങ്ങൾ എന്നിവർക്കായി ഞങ്ങൾ അപേക്ഷിക്കുന്നു...

   *പ്രതി: ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ..*

3. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മെത്രാപ്പോലീത്താ, സഫ്രഗൻ മെത്രാപ്പോലീത്താമാർ, എപ്പിസ്കോപ്പമാർ, വൈദികർ, സുവിശേഷകർ, സേവിനിമാർ, ആത്മായ നേതാക്കൾ വിശ്വാസ സമൂഹം എന്നിവർക്കായി ഞങ്ങൾ അപേക്ഷിക്കുന്നു...

   *പ്രതി: ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ..*

4. സംഗീതസംവേദന വിഭാഗമായ DSMC യ്ക്കായും, പ്രസിഡന്റ്, ഡോ. ജോസഫ് മാർ ഇവാനിയോസ് എപ്പിസ്കോപ്പാ, ഡയറക്ടർ, അസി. ഡയറക്ടർ, വൈസ് പ്രസിഡന്റ്, ട്രഷറാർ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഓഫീസ് സ്റ്റാഫ്, അനുബന്ധ പ്രവർത്തകർ, DSMC ഗായകസംഘാംഗങ്ങൾ എന്നിവർക്കായി ഞങ്ങൾ അപേക്ഷിക്കുന്നു..

*പ്രതി: ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ..*

5. DSMC യിലൂടെ നിർവഹിക്കപ്പെടുന്ന ശുശ്രൂഷകൾ അനേകർക്ക് അനുഗ്രഹത്തിനും, ദൈവനാമ മഹത്വത്തിനായിത്തീരേണ്ടതിനും സുവിശേഷം പങ്കിടുന്നത്തിനുള്ള മാധ്യമമായി ഭവിക്കേണ്ടതിനും ഞങ്ങൾ അപേഷിക്കുന്നു..

*പ്രതി: ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ..*

**സമർപ്പണ പ്രാർത്ഥന** (എല്ലാവരും ചേർന്ന്)

ഞങ്ങളിൽ ജീവശ്വാസം ഊതിയ ദൈവമേ, നിന്റെ വകയും അവകാശവുമായ ഞങ്ങൾ ലോകത്തിന്റെ മായയിലും പ്രലോഭന ങ്ങളിലും വീണു പോകാതിരിപ്പാൻ തിരുസന്നിധിയിൽ ഞങ്ങളെ പൂർണ്ണമായി സമർപ്പിക്കുന്നു. നിനക്കായി പാടുവാനും സൗഖ്യദായക ശുശ്രൂഷയിൽ ഞങ്ങളുടെ പങ്കാളിത്വവും സുവിശേഷഘോഷ ണത്തിൽ ഞങ്ങളുടെ പ്രയത്നവും കർത്താവിൽ ഫലകരമായി തീരുവാനും ഞങ്ങളെ തുണയ്ക്കേണമേ... ദൈവസ്നേഹത്തിലും, ദൈവസാന്നിധ്യ ബോധ്യത്തിലും ആയിരിക്കുവാൻ ഞങ്ങളെ തിരുസന്നിധിയിൽ വിനയപ്പെടുത്തുന്നു. ഞങ്ങളുടെ സമർപ്പണത്തെ സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കേണമേ.. ആമേൻ...